**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1944** **12-09-2023 - ൽ മറുപടിയ്ക്ക്**

**എ.ഐ.ക്യാമറ സ്ഥാപിക്കാൻ കെൽട്രോണിനെ ചുമതലപ്പെടുത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് (പി.എം.സി) ആയി കെൽട്രോണിനെ മോട്ടോർ വാഹന വകുപ്പ് തെരഞ്ഞെടുത്തിരുന്നോ; | (എ) | തെരഞ്ഞെടുത്തിരുന്നു. |
| (ബി) | ട്രാഫിക് സിഗ്നലിംഗ് ഉൾപ്പെടെയുള്ള ഐ.ടി. അനുബന്ധ പദ്ധതികളിൽ കെൽട്രോണിനെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് ആക്കാൻ പാടില്ല എന്ന ധനവകുപ്പിന്റെ 4/7/2019 ലെ 77-ാം നമ്പർ ഉത്തരവ് ലംഘിച്ചുകൊണ്ട് പ്രസ്തുത സ്ഥാപനത്തിനെ തെരഞ്ഞെടുത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | എ.ഐ. ക്യാമറ സംവിധാനം ഇന്ത്യയിൽ തന്നെ ആദ്യമായി നടപ്പിലാക്കിയത് കേരളത്തിലാണ്. മോട്ടോർ വാഹന വകുപ്പിൽ മെക്കാനിക്കൽ/ ഓട്ടോമൊബൈൽ എഞ്ചിനീയർമാരാണ് ഉള്ളത്. എന്നാൽ സങ്കീർണ്ണമായ ഈ പദ്ധതിയിൽ നിർമ്മിത ബുദ്ധി പോലുള്ള ആധുനിക സങ്കേതങ്ങൾ ആണ് ഉപയോഗിക്കുന്നത്. ക്യാമറകൾ സ്ഥാപിക്കുന്നതിനൊപ്പം ഈ സംവിധാനമാകെ ഡിസൈൻ ചെയ്യുകയും കരാർ കാലയളവിൽ കൃത്യമായി പരിപാലിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ്, സർക്കാരിന്റെ കീഴിലുള്ള ഒരു പൊതു മേഖലാ സ്ഥാപനമായതിനാലും പദ്ധതി നിർവ്വഹണങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസി ആയതിനാലും ക്യാമറ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിലും പരിപാലിക്കുന്നതിലും വർഷങ്ങളുടെ പരിചയമുള്ളതിനാലും എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാനും പദ്ധതി നടപ്പാക്കുവാനും കെൽട്രോണിനെ തെരഞ്ഞെടുത്തത്. പദ്ധതിയുടെ പ്രത്യേകതകൾ പരിഗണിച്ച് കെൽട്രോണിനെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് ആക്കുവാൻ 18-03-2020 ൽ ധനകാര്യവകുപ്പ് ശിപാർശ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ 27-04-2020 ൽ G.O(Rt)134/2020/TRANS പ്രകാരം സർക്കാർ അനുമതി ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പി.എം.സി ആയി തെരഞ്ഞെടുത്ത കെൽട്രോണിനെ എസ്റ്റിമേറ്റ് തയ്യാറാക്കാനും, ടെൻഡർ ക്ഷണിക്കാനും മോട്ടോർ വാഹന വകുപ്പ് ചുമതലപ്പെടുത്തിയതിന്റെ കാരണം വിശദമാക്കാമോ; | (സി) | എ.ഐ. ക്യാമറ സംവിധാനം ഇന്ത്യയിൽ തന്നെ ആദ്യമായി നടപ്പിലാക്കിയത് കേരളത്തിലാണ്. മോട്ടോർ വാഹന വകുപ്പിൽ മെക്കാനിക്കൽ/ ഓട്ടോമൊബൈൽ എഞ്ചിനീയർമാരാണ് ഉള്ളത്. എന്നാൽ സങ്കീർണ്ണമായ ഈ പദ്ധതിയിൽ നിർമ്മിത ബുദ്ധി പോലുള്ള ആധുനിക സങ്കേതങ്ങൾ ആണ് ഉപയോഗിക്കുന്നത്. ക്യാമറകൾ സ്ഥാപിക്കുന്നതിനൊപ്പം ഈ സംവിധാനമാകെ ഡിസൈൻ ചെയ്യുകയും കരാർ കാലയളവിൽ കൃത്യമായി പരിപാലിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ്, സർക്കാരിന്റെ കീഴിലുള്ള ഒരു പൊതു മേഖലാ സ്ഥാപനമായതിനാലും പദ്ധതി നിർവ്വഹണങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസി ആയതിനാലും ക്യാമറ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിലും പരിപാലിക്കുന്നതിലും വർഷങ്ങളുടെ പരിചയമുള്ളതിനാലും എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാനും പദ്ധതി നടപ്പാക്കുവാനും കെൽട്രോണിനെ തെരഞ്ഞെടുത്തത്. പദ്ധതിയുടെ പ്രത്യേകതകൾ പരിഗണിച്ച് കെൽട്രോണിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആക്കുവാൻ 18-03-2020 ൽ ധനകാര്യവകുപ്പ് ശിപാർശ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ 27-04-2020 ൽ G.O(Rt)134/2020/TRANS പ്രകാരം സർക്കാർ അനുമതി ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട് . |
| (ഡി) | എ.ഐ. ക്യാമറ സംബന്ധിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിന്റ മുൻപരിചയം വകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | എ.ഐ. ക്യാമറ സംവിധാനം ഇന്ത്യയിൽ തന്നെ ആദ്യമായി നടപ്പിലാക്കിയത് കേരളത്തിലാണ്. മോട്ടോർ വാഹന വകുപ്പിൽ മെക്കാനിക്കൽ/ ഓട്ടോമൊബൈൽ എഞ്ചിനീയർമാരാണ് ഉള്ളത്. എന്നാൽ സങ്കീർണ്ണമായ ഈ പദ്ധതിയിൽ നിർമ്മിത ബുദ്ധി പോലുള്ള ആധുനിക സങ്കേതങ്ങൾ ആണ് ഉപയോഗിക്കുന്നത്. ക്യാമറകൾ സ്ഥാപിക്കുന്നതിനൊപ്പം ഈ സംവിധാനമാകെ ഡിസൈൻ ചെയ്യുകയും കരാർ കാലയളവിൽ കൃത്യമായി പരിപാലിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ്, സർക്കാരിന്റെ കീഴിലുള്ള ഒരു പൊതു മേഖലാ സ്ഥാപനമായതിനാലും പദ്ധതി നിർവ്വഹണങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസി ആയതിനാലും ക്യാമറ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിലും പരിപാലിക്കുന്നതിലും വർഷങ്ങളുടെ പരിചയമുള്ളതിനാലും എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാനും പദ്ധതി നടപ്പാക്കുവാനും കെൽട്രോണിനെ തെരഞ്ഞെടുത്തത്. പദ്ധതിയുടെ പ്രത്യേകതകൾ പരിഗണിച്ച് കെൽട്രോണിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആക്കുവാൻ 18- |

| | | | |
|---|---|---|---|
| | | | 03-2020 ൽ ധനകാര്യവകുപ്പ് ശിപാർശ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ 27-04-2020 ൽ G.O(Rt)134/2020/TRANS പ്രകാരം സർക്കാർ അനുമതി ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ